ആധുനികമലയാളഗദ്യത്തിന്റെ ആദ്യ മാതൃകകൾ

അഥവാ

വൈയാകരണൻ ഗീവൎഗ്ഗീസുകത്തനാരും അദ്ദേഹത്തിന്റെ ഗദ്യകൃതികളും.

(ചിത്രമെഴുത്തു കെ. എം. വറുഗീസ്)

IV

ദിവ്യശ്രീ ഗീവറുഗീസുകത്തനാർ അവർകൾ തന്റെ ഗദ്യസാഹിത്യവ്യവസായത്തെ സംബന്ധിച്ചെടത്തോളം മലയാളഭാഷയെ മലയാളഭാഷയായി പുഷ്ടിപ്പെടുത്തുന്നതിനും, വലിയകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടു, "നാട്ടുപള്ളിക്കൂടങ്ങളിൽ ഉയൎന്ന ക്ലാസുകളിൽ വായിപ്പിക്കത്തക്ക ഉയൎന്നതരം പുസ്തകങ്ങൾ" നിൎമ്മിച്ചു ഭാഷാപോഷണം ചെയ്‌വാൻ പുറപ്പെട്ട സന്ദൎഭത്തിൽ മലയാളഭാഷയെ "സംസ്കൃതപദബാഹുല്യ"മുള്ള മലയാളമായി പരിപോഷിപ്പിക്കുന്നതിനുമാണു ശ്രമിച്ചതെന്നുള്ളതിനു തിരുമനസ്സിലെ അക്ബർ കഥയിലെ പ്രസ്താവനതന്നെ ലക്ഷ്യമാണു്. കൊല്ലം 1069-ാമാണ്ടു മേടമാസം 31-ാംനു- അതാവിതു്:—ഗീവറുഗീസുകത്തനാർ അവർകൾ പരലോകപ്രാപ്തനായി 24 വൎഷം കഴിഞ്ഞശേഷം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയതായ അക്ബർകഥയുടെ പ്രസ്താവനയിൽ, പ്രസ്തുത ചരിത്രാഖ്യായികയുടെ ആദ്യഭാഗങ്ങൾ പന്ത്രണ്ടു വൎഷം മുമ്പു സംസ്കൃതബഹുലമായ ഭാഷയിൽ എഴുതി എന്നു ഗ്രന്ഥകൎത്താവുതന്നെ വിളിച്ചുപറയുമ്പോൾ 1057-ാമാണ്ടു് അതാവിതു ഗീവറുഗീസുകത്തനാർ അവർകൾ ചരമം പ്രാപിച്ചു പന്ത്രണ്ടു വൎഷം കഴിഞ്ഞശേഷം സംസ്കൃതപദബഹുലമായ മലയാളംകൊണ്ടാണു തിരുമേനി മലയാളഗദ്യസാഹിത്യലോകത്തിൽ കൈകാൎയ്യം ചെയ്‌വാൻ പുറപ്പെട്ടതെന്നും എന്നാൽ ആദ്യഭാഗം എഴുതി 12 വൎഷം കഴിഞ്ഞശേഷം ആ ഒരു പ്രസ്ഥാനം അപകടകര[illegible] ബാക്കി ഭാഗങ്ങൾ എഴുതുവാൻ തിരുമനസ്സുകൊണ്ടു നിൎബന്ധിതനായിത്തീൎന്നുവെന്നും പ്രസ്പഷ്ടമാകുന്നുണ്ടല്ലോ. മാത്രമല്ല, പന്ത്രണ്ടു കൊല്ലം മുൻപിൽ എഴുതിയ ആദ്യഭാഗത്തിൽ ചിലേടത്തു ചില സംസ്കൃതപ്രയോഗം അനാവശ്യകമായും വന്നുപോയിട്ടുണ്ടെന്നു കണ്ടു തിരുമനസ്സുകൊണ്ടു് ആ ഒരു പ്രസ്ഥാനത്തെപ്പററി പരിതപിക്കുന്നതായും കാണുന്നുണ്ടു്. ഈ ഒരു അനുഭവത്തെക്കൂടി ആസ്പദമാക്കിയായിരിക്കണം "ഒരു കാലത്തു് എനിക്കും ....രാജരാജവൎമ്മകോയിത്തമ്പുരാനുംകൂടി മലയാളഭാഷയോടു് അത്ര പ്രതിപത്തിയുണ്ടായിരുന്നുവോ എന്നു സംശയമാണു്" എന്നു തിരുമനസ്സുകൊണ്ടു പിന്നീടു പ്രസംഗിപ്പാൻ ഇടയായതു്. എന്നാൽ പിൻകാലത്താവട്ടെ, തിരുമനസ്സുകൊണ്ടു ഗീവറുഗീസുകത്തനാർ അവർകളെപ്പോലെതന്നെ പ്രൗഢതരമായ ശാസ്ത്രീയവിഷയങ്ങൾ പ്രതിപാദിക്കുന്നതിനായിട്ടല്ലാതെ സംസ്കൃതഭാഷയെ ശരണീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ശുദ്ധലളിതമായ രീതിയിൽ അവിടത്തേക്കു ഗദ്യരചനം ചെയ്‌വാൻ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ലെന്നുള്ളതിനു മലയാളം ബുക്കുകമ്മട്ടിവഴി ആദ്യകാലത്തു പുറപ്പെട്ട പാഠപുസ്തകങ്ങൾതന്നെ ലക്ഷ്യമാണു്. പക്ഷെ ആ വക പുസ്തകങ്ങൾ ചെറിയ കുട്ടികൾക്കുവേണ്ടി എഴുതിയതെന്നല്ലാതെ അവകൊണ്ടു ഉയൎന്ന തരത്തിലുള്ള ഭാഷാപോഷണം സാധിക്കാമെന്നു തിരുമനസ്സുകൊണ്ടുതന്നെയും വിശ്വസിച്ചിരുന്നില്ലെന്നേയുള്ളു. വായനക്കാർ ഇവിടെ തെററിദ്ധരിക്കരുതെന്നു് എനിക്കു പ്രത്യേകമായ അപേക്ഷയുണ്ടു്. ഞാൻ ഇവിടെ പ്രസ്താവിച്ചതിന്റെ ചുരുക്കം ഇതാണു:—ഭാഷാശാകുന്തളം (പരിഷ്കരിക്കാത്തതായ ആദ്യത്തെ തൎജ്ജമ) അക്ബർ മുതലായി ഭാഷാപോഷണത്തെ സൎവ്വപ്രധാനമായി പരിഗണിച്ചു തമ്പുരാൻതിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ചിട്ടുള്ള ഉയൎന്നതരം സാഹിത്യഗ്രന്ഥങ്ങൾവഴി അവിടുന്നു പ്രകാശിപ്പിച്ചിട്ടുള്ള ഭാഷാപോഷണസമ്പ്രദായം മലയാളഭാഷയ്ക്കു് അശേഷം അനുയോജ്യമായിട്ടുള്ളതല്ലെന്നു കണ്ടു തിരുമനസ്സുകൊണ്ടു് ആ പദ്ധതിയെ നിശ്ശേഷം ഉപേക്ഷിച്ചുവെന്നും, അതിനാൽ ശാസ്ത്രീയവിഷയപ്രതിപാദനങ്ങൾക്കായിട്ടല്ലാതെ അവിടുന്നു പിൽക്കാലത്തു സംസ്കൃതഭാഷയെ ശരണീകരിക്കയുണ്ടായില്ലെന്നും, ഈ നിലയിൽ ഗീവറുഗീസുകത്തനാർ അവർകളെപ്പോലെതന്നെ മലയാളഭാഷയെ അവരും മലയാളഭാഷകൊണ്ടുതന്നെ പുഷ്ടിപ്പെടുത്തേണ്ടതാണെന്നുള്ള വിശ്വാസത്തോടുകൂടി, അവിടുന്നു് ഒടുവിൽ എഴുതീട്ടുള്ള ഈ കൃതികളിൽ, ഈ ഒരു [illegible] പ്രത്യക്ഷപ്പെടുത്തിയിരുന്നുവെന്നും മാത്രമാണു്. കേരളസാഹിത്യനായകൻ ധീരാത്മാ കെ. രാമകൃഷ്ണപിള്ള ബി. ഏ. അവർകൾ, ഗീവറുഗീസുകത്തനാർ അവർകൾ പ്രകാശിപ്പിച്ചിട്ടുള്ളതായ ഈ ഒരു പദ്ധതിയെത്തന്നെ സൎവ്വദാ കൊണ്ടാടിയിരുന്നുവെന്നും തന്റെ അന്ത്യശ്വാസംവരെയ്ക്കും ആ സാഹിത്യകേസരി ഈ ഒരു പദ്ധതിയെത്തന്നെ ഭാഷാസാഹിത്യത്തിൽ ഉറപ്പിക്കുന്നതിനായി, സൎവ്വശക്തിയോടുംകൂടി ശ്രമിച്ചിരുന്നുവെന്നുമുള്ളതിനു് അദ്ദേഹത്തിന്റെ ഗ്രന്ഥവിഹാരങ്ങൾതന്നെ പ്രസ്പഷ്ടലക്ഷ്യമാണു്. ഇതിനെതിരായ രീതിയെ അവലംബിച്ചിരുന്നവരുടെ ഭാഷയെ ഉദ്ദേശിച്ചു് അദ്ദേഹം "വെങ്കലഭാഷ" എന്നു കൂടക്കൂടെ ആക്ഷേപശരം പൊഴിക്കയും ചെയ്തിരുന്നു. ഇത്രയും പ്രസ്താവിച്ചതുകൊണ്ടു് അശാസ്ത്രീയവിഷയപ്രതിപാദനങ്ങളെ സംബന്ധിച്ചെടത്തോളം സ്വകൃതികളിൽ സംസ്കൃതപദങ്ങൾ കുത്തിക്കാട്ടുവാൻപോലും പഴുതുണ്ടാക്കിക്കൂടെന്നു കത്തനാർ അവർകളോ, വലിയകോയിത്തമ്പുരാൻതിരുമേനിയോ, മിസ്റ്റർ രാമകൃഷ്ണപിള്ളയോ ഒരു ദൃഢനിശ്ചയം ചെയ്തിരുന്നതായി വായനക്കാർ തെററിദ്ധരിക്കരുതു്. കേവലം ഇരട്ടപെററ കുട്ടികളെപ്പോലെ ആകൃതികൊണ്ടും മററും മലയാളഭാഷയോടു് ആനുരൂപ്യം വഹിക്കുന്നവയും, സംബന്ധംകൊണ്ടോ, സാഹചൎയ്യംകൊണ്ടോ അരോചകമോ, അൎത്ഥക്ലേശമോ തോന്നിക്കാത്തവയുമായി മല[illegible] അംശങ്ങളും അവകാശികളുമായി കഴിഞ്ഞുകൂടിപ്പോരുന്ന സംസ്കൃതപദങ്ങളെ അവർ സ്വകൃതികളിൽ ധാരാളം ആദരിക്കയുണ്ടായിട്ടുണ്ടു്. ശാസ്ത്രീയവിഷയപ്രതിപാദനങ്ങളെ സംബന്ധിച്ചെടത്തോളം ഇത്തരം ഭാഷാപദങ്ങൾകൊണ്ടുതന്നെയും ആശയപ്രകാശനം സുസാധമല്ലാതെ വരുന്ന ഘട്ടത്തിൽ മാത്രം സംസ്കൃതഭാഷയെ പരിപൂൎണ്ണമായി അവലംബിക്കയെന്നല്ലാതെ സാധാരണവിഷയങ്ങളിൽ 'പരിമിതപരിധിക്കപ്പുറം ചാടിപ്പോകുന്നതു്' അനുവദനീയമല്ലെന്നേ കത്തനാർ അവർകൾക്കു് അഭിപ്രായമുണ്ടായിരുന്നുള്ളു. ഒരു ഭാഷയെ അതിന്റെ വ്യക്തിത്വത്തിനു ലേശവും ന്യൂനത കൂടാതെവിധം ഒരു ഭാഷയായിത്തന്നെ നിലനിറുത്തിപ്പോരേണമെന്നുള്ള അഭിപ്രായം സൎവ്വാദരണീയമെങ്കിൽ ഇതരഭാഷയോടു് അതിനുള്ള സംബന്ധത്തെ ഒരു ക്ലിപ്തപരിധിക്കുള്ളിൽ നിയന്ത്രിക്കേണ്ടതു് എത്രയോ ആവശ്യമായിട്ടുള്ളതാണു്. കേരളവൎമ്മവലിയകോയിത്തമ്പുരാൻതിരുമേനിയേയും, ഗീവറുഗീസുകത്തനാർ അവർകളേയും ഞാൻ ഇവിടെ താരതമ്യപ്പെടുത്തിയതു് അവരുടെ ഭാഷാപോഷണപരിശ്രമങ്ങളുടെ ഏററക്കുറച്ചിലിനെ ആസ്പദമാക്കിയല്ലെന്നും, പ്രസ്തുത ഭാഷാപോഷണാൎത്ഥം സ്വീകരിച്ചിരുന്നതായ അവരുടെ പദ്ധതിയെയോ, അഥവാ പദ്ധതികളെയോ പുരസ്കരിച്ചാണെന്നും വായനക്കാർ ഇവിടെ പ്രത്യേകം ധരിച്ചിരിപ്പാനുള്ളതാണു്.

ഇസ്ലാമും സ്ത്രീകളും

അഫ്ഗാൻ മഹാറാണിയുടെ

അഭിപ്രായം.

(തുടൎച്ച)

(ടി. കെ.)

ആരംഭം.

ചരിത്രാന്വേഷകന്മാൎക്കു ഘോഷാസമ്പ്രദായം ഇസ്ലാം മതാവിൎഭവത്തിനു ബഹുകാലത്തിനു മുമ്പു ലോകത്തുള്ള വിവിധദേശങ്ങളിലും ഉൽകൃഷ്ടരുടെ ഇടയിൽ നടപ്പിൽ ഇരുന്നതായി ഗ്രഹിക്കാവുന്നതാണു്. മതഗുരുവായ അബ്രഹാമിന്റെ കാലത്തേ ക്രിസ്ത്യാനികളുടെ ഇടയിൽ ഘോഷാസമ്പ്രദായം നടപ്പിൽ ഇരുന്നുവെന്നു വേദഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഈജിപ്റ്റിൽ ഫെറോരാജാക്കന്മാരുടെ കാലത്തു ഇതു നടപ്പിലിരുന്നു. യുദ്ധത്തിൽ പരാജിതരായ പെൎഷ്യക്കാരെ രണ്ടാമത്തെ കാലിഫായ ഹസ്രത്തു ഉമറിന്റെ മുൻപിൽ കൊണ്ടു